**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1657** **19-09-2025 - ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിന്റെ എന്റെ ഭൂമി പോർട്ടൽ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (എ) | എന്റെ ഭൂമി പോർട്ടൽ മുഖാന്തിരം ഡിജിറ്റൽ സർവെ നടപ്പാക്കുന്ന വില്ലേജുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഡിജിറ്റൽ സർവെയ്ക്ക് മുൻപുള്ള വസ്തുക്കളുടെ സ്കെച്ച് വിവരങ്ങൾ ഓൺലൈനായി തിരയുന്നതിനും അവ നിർദ്ദേശിക്കപ്പെട്ട നിശ്ചിത തുക ഒടുക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യം.<br><br>2. ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ ഭൂപരാതികൾ ഉള്ളവ ജനറൽ കംപ്ലയിന്റ്, ഒറിജിനൽ കംപ്ലെയിന്റ് (OLC) വഴി പരിഹരിക്കാനുള്ള അവസരം.<br><br>3. സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് ഒരു മാസ കാലയളവിൽ അപ്പീൽ ലാൻഡ് കംപ്ലെയിന്റ് (ALC) വഴി പരാതി ഓൺലൈനായി പരിഹരിക്കാൻ സൗകര്യം.<br><br>4. ഭൂവുടമകൾക്ക് ഭൂമിയെ കുറിച്ചുള്ള ഫോം 50 വിവരങ്ങൾ, ലാൻഡ് പാർസൽ മാപ്പ്, ഡിജിറ്റൽ സർവെ അധിഷ്ഠിതമാക്കിയുള്ള എല്ലാ രേഖകളും പരിശോധിക്കുവാനുള്ള സൗകര്യം എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നു.<br><br>ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടലായ (ILIMS) ന്റെ ഭാഗമായ എന്റെ ഭൂമി പോർട്ടൽ വഴി ഭൂവുടമസ്ഥന് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഒരൊറ്റ പോർട്ടലിലൂടെ പൂർത്തിയാക്കാൻ കഴിയുന്നു. ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും - രജിസ്ട്രേഷൻ ഡീഡ്, റവന്യൂ റെക്കോർഡ്, ഡിജിറ്റൽ ലാൻഡ് പാർസൽ |

| | | | |
|---|---|---|---|
| | | | മാപ്പ് എന്നീ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നു. കൂടാതെ,<br>• തണ്ടപ്പേർ സർട്ടിഫിക്കറ്റ്<br>• പ്രീ - മ്യൂട്ടേഷൻ സ്കെച്ച്<br>• ബാധ്യതാ സർട്ടിഫിക്കറ്റ്<br>• ഭൂമിയുടെ ന്യായവില<br>• ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള ഭൂമി രജിസ്ട്രേഷൻ<br>• പോക്ക് വരവ്<br>• ഭൂപരിപാലനം<br>• ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം<br>• ലൊക്കേഷൻ സ്കെച്ച്<br>• മുൻ സർവെ റിക്കാർഡുകളുടെ വിതരണം<br>• ഡിജിറ്റൽ സർവെ മാപ്പ്<br>• ലാൻഡ് ഐഡന്റിഫിക്കേഷൻ<br>• തുടങ്ങിയ സേവനങ്ങളും എന്റെ ഭൂമി സംയോജിത പോർട്ടലിൽ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ